പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2594

19/12/2012-ൽ മറുപടിയ്ക്കു്

**<u>ക്ഷേത്രകലകൾ അഭ്യസിപ്പിക്കുന്നതിന് പദ്ധതി</u>**

| <u>ചോദ്യം</u><br>ശ്രീ. റ്റി.വി. രാജേഷ് | | <u>ഉത്തരം</u><br>ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
|---|---|---|
| എ) ക്ഷേത്രകലകൾ അഭ്യസിപ്പിക്കുന്നതിന് ഒരു പദ്ധതി നടപ്പിലാക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ;<br>ബി) എങ്കിൽ അതിനായി എത്ര രൂപ നീക്കിവെച്ചിട്ടുണ്ടായിരുന്നു; അതിൽ ഇതുവരെ എത്ര തുകയാണ് ചെലവഴിച്ചത്; | എ) & ബി) | ക്ഷേത്രകലകൾ അഭ്യസിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് 2011-12 ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അക്കാഡമി ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഇതിനകം സ്വീകരിച്ചുകഴിഞ്ഞതായി മലബാർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. അക്കാഡമി ആരംഭിക്കുന്നതിനു വേണ്ട ഭരണാനുമതിക്കായുള്ള ബോർഡിൻെറ നിർദ്ദേശം സർക്കാരിൻെറ പരിഗണനയിലാണ്. |
| സി) മാടായി തിരുവർക്കാട് കാവിൽ ക്ഷേത്ര കലാ അക്കാഡമി സ്ഥാപിക്കുമെന്ന പ്രഖ്യാപനവും നടപ്പാക്കിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ഭരണാനുമതിയ്ക്കുള്ള നിർദ്ദേശം സർക്കാരിൻെറ പരിഗണനയിലാണ്. |
| ഡി) ക്ഷേത്ര കലാ അക്കാഡമിയുടെ കോഴ്സുകൾ 2012 സെപ്തംബറിൽ ആരംഭിക്കുമെന്ന് നൽകിയ ഉറപ്പ് ഇതുവരെ നടപ്പാക്കാതിരുന്നത് എന്തുകൊണ്ടാണ്;<br>ഇ) ക്ഷേത്ര കലാ അക്കാഡമി ആരംഭിക്കാനാവശ്യമായ അടിയന്തിര നടപടി കൈക്കൊള്ളാൻ തയ്യാറാകുമോ? | ഡി) & ഇ) | ക്ഷേത്ര കലാ അക്കാഡമിയ്ക്ക് ഭരണാനുമതി നൽകാത്തതുകൊണ്ടാണ് കോഴ്സുകൾ 2012 സെപ്റ്റംബറിൽ ആരംഭിയ്ക്കാത്തത്. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ